KSFESA CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No.180/71, Kottapuram Road, Thrissur-4
(Affiliated to C.I.T.U.No.K.1128)
Email: ksfesacitusc@gamil.com, Web: www.ksfesa.com

President
Elamaram Kareem
Mob: 9400307786

General Secretary
S.Muraleekrishnapillai
Mob: 9446538432

Date: 15.6.2017

ശ്രീ.എ.പുരുഷോത്തമൻ
മാനേജിംഗ് ഡയറക്ടർ,
കെ.എസ്.എഫ്.ഇ. ലിമിറ്റഡ്,
തൃശൂർ.

സർ,

വിഷയം:- ജീവനക്കാരുടെ അടിയന്തിര പ്രാധാന്യമുള്ള ചുവടെ കൊടുക്കുന്ന പ്രശ്നങ്ങൾ പരിഹരിയ്ക്കണമെന്ന ആവശ്യം സംബന്ധിച്ച്.

ജീവനക്കാരുടെ ചുവടെ കൊടുക്കുന്ന പ്രശ്നങ്ങൾ അങ്ങയുടെ സജീവ പരിഗണനയ്ക്കും അടിയന്തിര തീരുമാനത്തിനുമായി നൽകുന്നു.

1. 2014-2015 സാമ്പത്തിക വർഷത്തെ ബോണസ് പുതുക്കി നിശ്ചയിക്കുക.

ബോണസ് ആക്ടിൽ കേന്ദ്ര സർക്കാർ വരുത്തിയ ഭേദഗതിയെ തുടർന്ന് 2014-15-ലെ ബോണസ് പുതുക്കി നിശ്ചയിക്കണമെന്ന ഞങ്ങളുടെ ആവശ്യം അനുഭാവപൂർവം പരിഗണിക്കുമെന്ന് കഴിഞ്ഞ ബോണസ് ചർച്ചയിൽ മാനേജ്മെന്റ് ഉറപ്പു നൽകിയിരുന്നതാണ്. എന്നാൽ നാളിതുവരെയും ഈ തുക ജീവനക്കാർക്ക് വിതരണം ചെയ്തിട്ടില്ല. എത്രയും വേഗം 2014-15-ലെ ബോണസ് കുടിശിക വിതരണം ചെയ്യണമെന്നാവശ്യപ്പെടുന്നു.

2. **കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ശമ്പള പരിഷ്കരണം:**

(i) ജീവനക്കാരുടെ ശമ്പള കുടിശിക വിതരണം ചെയ്ത പ്പോൾ, 2016 ഫെബ്രുവരി മുതൽ ലഭിയ്ക്കേണ്ട HRA പുതുക്കി നിശ്ചയിച്ച് വിതരണം ചെയ്തില്ല. എത്രയും വേഗം HRA കുടിശിക തീർത്ത് വിതരണം ചെയ്യണ മെന്നാവശ്യപ്പെടുന്നു.

(ii) 2012 ജൂലൈ മാസത്തിനുശേഷം എംപ്ലോയീസ് ഹൗസിംഗ് ലോൺ കൈപ്പറ്റിയവർക്ക് പഴയ നിരക്കിലുള്ള ശമ്പള ത്തിന്റെ അടിസ്ഥാനത്തിലാണ് ഹൗസിംഗ് ലോൺ നൽകി യത്. എന്നാൽ ശമ്പളം പുതുക്കി നിശ്ചയിച്ച സാഹചര്യ ത്തിൽ അവരുടെ ഹൗസിംഗ് ലോൺ തുക പുനർനിർണ യിച്ചു നൽകണമെന്ന ഞങ്ങളുടെ ആവശ്യം അംഗീകരി ച്ചുകൊണ്ട്, ഹൗസിംഗ് ലോൺ തുക പുനർനിർണയിച്ചു നൽകാമെന്ന് മാനേജ്മെന്റ് ഉറപ്പു നൽകിയിരുന്നതാണ്. എത്രയും വേഗം ഫലപ്രദമായ നടപടികൾ സ്വീകരിക്കണ മെന്നഭ്യർത്ഥിക്കുന്നു.

(iii) ശമ്പള പരിഷ്കരണത്തിന്റെ ഓപ്ഷൻ അപേക്ഷകൾ പരിഗണിച്ച് ശമ്പളം നിശ്ചയിച്ചതിൽ അപാകം ഉണ്ടായ തായി ചുരുക്കം ചില പരാതികൾ ഉണ്ടായിട്ടുണ്ട്. ഈ പരാതികൾ ന്യായമായി പരിശോധിച്ച് തിരുത്തൽ നടപ ടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഹെഡ് ഓഫീ സിൽ ഉറപ്പുവരുത്തണമെന്നഭ്യർത്ഥിക്കുന്നു.

3. **അസിസ്റ്റന്റ് മാനേജർ / മാനേജർ തസ്തികയിലേക്കുള്ള പ്രമോഷൻ ടെസ്റ്റ് : ടെസ്റ്റ് ക്വാളിഫൈ ചെയ്യാത്ത ജീവനക്കാർക്ക് അവർ നേടിയ മാർക്ക് അറിയുന്നതിനുള്ള സംവിധാനം ഒരുക്കുക.**

ടെസ്റ്റ് ക്വാളിഫൈ ചെയ്യാത്ത ജീവനക്കാരെയും അവർ പരീക്ഷയിൽ നേടിയ സ്കോർ നേരിട്ടറിയിക്കുന്ന കീഴവഴക്കമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇതുവരെയും ടെസ്റ്റ് ക്വാളിഫൈ ചെയ്യാത്ത ജീവനക്കാരെ പരീക്ഷയിൽ അവർ നേടിയ സ്കോർ അറിയിച്ചിട്ടില്ല. എത്രയും വേഗം ഇതിനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

4. **സ്ഥലം മാറ്റ ചട്ടങ്ങൾ അവ്യക്തത ദുരീകരിച്ച് ജീവനക്കാരെ വിശ്വാസത്തിലെടുത്ത് തിരുത്തൽ നടപടികൾ സ്വീകരിക്കുക.**

സ്ഥലം മാറ്റ ചട്ടങ്ങളുമായി ബന്ധപ്പെട്ട് ഞങ്ങൾ നൽകിയ കത്തിന് മറുപടി നൽകുകയോ ഞങ്ങൾ രേഖാമൂലം നൽകിയ ആശങ്കകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല. ചട്ടങ്ങളിലെ അവ്യക്തത ദുരീകരിച്ച് ജീവനക്കാരെ വിശ്വാസത്തിലെടുത്ത് തിരുത്തൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

5. **അടിസ്ഥാന വർഗം ജീവനക്കാരുടെ യൂണിഫോം അടിയന്തിരമായി വിതരണം ചെയ്യുക.**

6. **PTS ജീവനക്കാർ തൊഴിൽ ചെയ്യുമ്പോൾ ധരിയ്ക്കാൻ Gum Boots, Hand Gloves, Face Mask ഉൾപ്പെടെയുള്ള പ്രത്യേക യൂണിഫോം അവരുടെ ആരോഗ്യ സംരക്ഷണത്തിനായി നൽകണമെന്ന ഞങ്ങളുടെ ആവശ്യം മാനേജ്മെന്റ് അംഗീകരിച്ചതാണ്. എന്നാൽ ഫലപ്രദമായ ഒരു തുടർ നടപടിയും സ്വീകരിച്ചു കാണുന്നില്ല. എത്രയും വേഗം ഉറപ്പുപാലിക്കണമെന്നാവശ്യപ്പെടുന്നു.**

7. **2014 സെപ്തംബറിനുശേഷം സർവീസിൽ പ്രവേശനം നേടിയ ജീവനക്കാരുടെ പെൻഷൻ ചർച്ച ചെയ്യാൻ അടിയന്തിരമായി സംഘടനാ യോഗം വിളിച്ചു ചേർക്കുക.**

2014 സെപ്തംബറിനുശേഷം സർവീസിൽ പ്രവേശിച്ച, 15,000/- രൂപയ്ക്ക് മുകളിൽ വരുമാനമുള്ളവരെ EPS' 95-ൽ നിന്ന് ഒഴിവാക്കി പകരം NPS-ൽ ചേരാനാണ് കേന്ദ്ര സർക്കാർ നിർദേശം. വർഷം മൂന്നാകുകയാണ്. ഒരു നടപടിയും മാനേജ്മെന്റ് സ്വീകരിച്ചിട്ടില്ല. ഞങ്ങൾ രേഖാമൂലം നിരവധി തവണ മാനേജ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. അടിയന്തിരമായി ചർച്ച വിളിച്ച് പ്രശ്ന പരിഹാരം ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു അല്ലാത്തപക്ഷം പ്രക്ഷോഭത്തിന്റെ മാർഗം സ്വീകരിക്കുമെന്ന് ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു.

അതോടൊപ്പം 2013 മുതൽ പുതുതായി സർവീസിൽ പ്രവേശിച്ച ജീവനക്കാരുടെ നിർത്തലാക്കിയ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പുനഃരാരംഭിക്കണമെന്നും ആവശ്യപ്പെടുന്നു.

8. **റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ, പി.എഫ്. പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുക.**

റിട്ടയർ ചെയ്ത ജീവനക്കാരുടെ പി.എഫ്. പെൻഷൻ സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സർവസജ്ജമായ ഒരു Help Desk രൂപീകരിയ്ക്കണം. പി.എഫ്. ഓഫീസുമായി ബന്ധപ്പെട്ടുള്ള ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ഫലപ്രദമായ ഒരു 'ഏകോപന ഓഫീസായി' ഈ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കണമെന്നും ആവശ്യപ്പെടുന്നു.

9. **അസിസ്റ്റന്റ് മാനേജർ തസ്തികയിലെ ഒഴിവുകൾ അടിയന്തി രമായി നികത്തുക.**

ബിസിനസ്, കുടിശിക നിവാരണം, മറ്റു പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തേണ്ട സാഹചര്യത്തിൽ ശാഖകളിലെ രണ്ടാം നിര ഓഫീസർമാരായ അസിസ്റ്റന്റ് മാനേജരുടെ ഒഴിവുകൾ അടിയന്തിരമായി പ്രമോഷൻ വഴി നികത്തണമെന്നാവശ്യപ്പെടുന്നു.

10. **സാധാരണ ആശുപത്രികളെയും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ ലിസ്റ്റിൽപെടുത്തി ചികിത്സാ റീ-ഇൻപേഴ്സ്മെന്റ് നിഷേധിക്കുന്ന നടപടി അവസാനിപ്പിക്കുക. സംഘടനകളുമായി ധാരണയുണ്ടാക്കിയതിനു ശേഷം മാത്രം സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുക.**

11. **P&HR Department അടിയന്തിരമായി കമ്പ്യൂട്ടർവത്ക്കരിക്കുക. R.R. Department -ലെ കാലപ്പഴക്കം ചെന്ന സോഫ്റ്റ് വെയർ അടിയന്തിരമായി നവീകരിക്കുക.**

മേൽ സൂചിപ്പിച്ച പ്രശ്നങ്ങളിൽ അടിയന്തിര നടപടി ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്.

കൊല്ലം,

15-06-2017.

വിശ്വാസപൂർവം,

എസ്.മുരളീകൃഷ്ണപിള്ള
ജനറൽ സെക്രട്ടറി
കെ.എസ്.എഫ്.ഇ.സ്റ്റാഫ് അസോസ്സിയേഷൻ (CITU)